## 939

വരുന്നിതാ നാഥൻ വാഴുവാൻ ഭൂമൗ
നിരന്ന തൻ പരിവാരപദവികളോടെ

1 നരന്നു വാഴ്‌വാൻ ഭൂമിയോരുക്കിനനാദിയിൽ
നരനുടെ മരണത്താൽ നടന്നില്ലതെന്നാൽ-

2 നരസുതനായവൻ മരിച്ചുയർത്താകയാൽ
ഭരണീ ഭൂമേൽ ചെയ്‌വാൻ ലഭിച്ചവകാശം-

3 പിതൃഭരണാസന-മവന്നുദേവൻ നൽകു-
മധിപനാമിവനെന്നു പ്രവചനമുണ്ട്-

4 ജരിച്ച ഭരണങ്ങൾ മറിച്ചു നീക്കിത്തന്റെ
വരിച്ച സതിയോടൊത്തു ഭരിച്ചിരുന്നീടാൻ-

5 കഠിനനിയമങ്ങൾ തടവു ചെയ്തെങ്ങും താൻ
കുടിലത വിട്ടു ധർമ്മം നടത്തുവതിന്നായ്-

6 തന്നുടെ പേർക്കായി മന്നിലലഞ്ഞ തൻ
നിന്ദിതജനങ്ങടെ നിലവിളി നീക്കാൻ-

7 തിരുജനങ്ങൾക്കേറ്റം ദുരിതമിയറ്റിയോ
രരികുലങ്ങൾക്കു തക്ക പ്രതികാരം ചെയ്‌വാൻ-

8 പരമപിതാവിന്റെ തിരുഹിതമൊത്തുഭൂ-
യെരുശലേംപുരി രാജനഗരമാക്കിടാൻ-

**K.V.S.**